**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1666** **05-07-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ്, അൺ-എയ്ഡഡ് കോഴ്സുകൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന എയ്ഡഡ് കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടുപോലും സെൽഫ് ഫിനാൻസിംഗ് അല്ലെങ്കിൽ അൺ-എയ്ഡഡ് കോഴ്സുകൾ അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യു.ജി.സി. മാനദണ്ഡങ്ങളനുസരിച്ച് അനുവദിച്ച ബി.വോക് കോഴ്സുകളൊഴികെ സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ മറ്റൊരു സ്വാശ്രയ കോഴ്സുകളും പുതുതായി അനുവദിക്കുന്നതല്ല എന്ന് 25.08.2021 ലെ സ.ഉ.(കൈ)നം.347/2021/ ഉ.വി.വ. & 16.10.2021-ലെ സ.ഉ.(കൈ)നം.456/2021/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കോഴ്സുകൾ അനുവദിക്കേണ്ടതില്ല എന്ന നിർദ്ദേശം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | (എ)യിൽ നൽകിയിട്ടുണ്ട്. |
| (സി) | യൂണിവേഴ്സിറ്റികൾ കോഴ്സിന് പ്രാഥമികമായി അനുമതി നൽകിയിട്ടും സർക്കാർ, എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് /അൺ-എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിന് തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | (എ)യിൽ നൽകിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ നിലവിൽ നല്ല രീതിയിൽ നാക് അക്രഡിറ്റേഷനോടുകൂടി പ്രവർത്തിച്ചു വരുന്ന എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉള്ള എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനും തദ്വാരാ കുട്ടികൾക്ക് കേരളത്തിൽ തന്നെ വിവിധങ്ങളായ നൂതന കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | (എ)യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

File No.HEDN-B3/91/2017-HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ് - സ്പെഷ്യൽ ലീവ് പെറ്റിഷൻ നം. 5290/2015 - B.Voc. കോഴ്സുകൾ സ്വാശ്രയ മോഡിൽ തുടരാൻ എൻ.ഒ.സി. നൽകുന്നത് - സർക്കാർ നയത്തിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(കൈ) നം.347/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 25/08/2021

പരാമർശം: സ്പെഷ്യൽ ലീവ് പെറ്റിഷൻ നം. 5290/2015 തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള ബഹു. സുപ്രീം കോടതിയുടെ 13.07.2021-ലെ വിധി.

ഉത്തരവ്

സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ നടത്തുവാൻ സർക്കാർ അനുമതി നൽകുന്നതിനെതിരെ കേരള ആർട്സ് & സയൻസ് അൺഎയ്ഡഡ് മാനേജ്മെന്റ് അസോസിയേഷൻ സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റിഷൻ നം. 5290/2015 തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള ബഹു. സുപ്രീം കോടതിയുടെ 13.07.2021-ലെ വിധിയുമായി ബന്ധപ്പെട്ട ചില പത്രവാർത്തകൾ ചില ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യു.ജി.സി. നിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി വിവിധ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടന്നുവരുന്ന B.Voc. കോഴ്സുകൾ സ്വാശ്രയ മോഡിൽ തുടരാൻ സർക്കാർ എൻ.ഒ.സി. നൽകുന്നതാണ് എന്ന് വ്യക്തത വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ ആർ
അഡീഷണൽ സെക്രട്ടറി

രജിസ്ട്രാർ, കേരള /മഹാത്മാ ഗാന്ധി /കണ്ണൂർ /കാലിക്കറ്റ് / കുസാറ്റ് / ശ്രീശങ്കരാചാര്യ സംസ്കൃത / ശ്രീനാരായണഗുരു ഓപ്പൺ / നുവാൽസ് / എ.പി.ജെ.അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര / തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല.

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി (B3/91/2017-HEDN )

ഉത്തരവിൻ പ്രകാരം

Signed by Pradeesh M
Date: 27-08-2021 11:51:48
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസ്സിസ്റ്റന്റിന്
ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

GOVERNMENT OF KERALA

**Abstract**

Higher Education Department - Running of self-financing courses in aided colleges and renewal of NOC- clarifications - Orders issued.

**HIGHER EDUCATION (B) DEPARTMENT**

G.O.(Ms)No.456/2021/HEDN Dated,Thiruvananthapuram, 16/10/2021

Read : G.O.(Ms.) No. 347/2021/H.EDN dated 25.08.2021

**ORDER**

As per the Government Order read above, Government had clarified that NOC would be granted for continuing B.Voc. courses in self-financing mode in affiliated colleges under various Universities in the State.

2. Subsequently, the Government has reconsidered the matter in detail and has decided that, in the context of the Covid pandemic and the resultant demand from students for seats in colleges, a decision to discontinue self-financing courses already running in aided colleges will be detrimental to the interests of the student community in the state.

3. In these circumstances, the Government are pleased to order that self-financing courses already sanctioned in aided colleges will continue and NOC will be issued for their continuation as and when required. However, no new self-financing courses will be sanctioned in aided colleges, except in the case of BVoc courses sanctioned as per UGC guidelines.

(By order of the Governor)
Dr Venu V I A S
Additional Chief Secretary

To :

The Director, Directorate of Collegiate Education, Thiruvananthapuram

The Director of Technical Education, Thiruvanathapuram

The Registrar, Kerala University/ Mahatma Gandhi University/Calicut University/CUSAT/Kannur University/Thunchath Ezhuthachan Malayalam

University /Sree Sankaracharya University of Sanskrit / NUALS/ A P J Abdul Kalam Technological University/ Sreenarayana Guru Open University

Higher Education(C. D. J. P) Department

Information Officer, Web & New Media

www.highereducation.kerala.gov.in

Stock File/Office copy (B3/245/2021/H.EDN)

Forwarded /By order

Section Officer

Copy to:

PS to Hon'ble Minister, Higher Education Department

PA to Additional Chief Secretary Secretary, Higher Education Department

CA to Additional Secretary, Higher Education(B) Department

സെക്ഷൻ ഓഫീസർ